**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1517** **28-07-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളതെന്നറിയിക്കുമോ; | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 1. പ്രാഥമികാരോഗ്യകേന്ദ്രം, കുമാരപുരം 2.പ്രാഥമികാരോഗ്യകേന്ദ്രം, മഴുവന്നൂർ 3.പ്രാഥമികാരോഗ്യകേന്ദ്രം, തിരുവാണിയൂർ 4.പ്രാഥമികാരോഗ്യകേന്ദ്രം,വാഴക്കുളം 5.പ്രാഥമികാരോഗ്യകേന്ദ്രം, എടത്തല 6.പ്രാഥമികാരോഗ്യകേന്ദ്രം, പട്ടിമറ്റം 7.പ്രാഥമികാരോഗ്യകേന്ദ്രം,പൂതൃക്ക ഇതിൽ മഴുവന്നൂർ,വാഴക്കുളം, തിരുവാണിയൂർ എന്നിവ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നു. മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതി പ്രകാരമുള്ള എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ താഴെ പറയുന്ന സൗകര്യങ്ങൾ എർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 1.വൈകിട്ട് 6 മണിവരെ ഒ.പി., ഫാർമസി സേവനം 2. ഇ-ഹെൽത്ത് രജിസ്ട്രേഷൻ അടിസ്ഥാനമാക്കിയുള്ള ഒ. പി ചികിത്സ 3.ഒ .പി.-യിൽ ടോക്കൺ സംവിധാനം 4. ലാബ് സൗകര്യം 5. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വെയിറ്റിംഗ് ഏരിയ, ശുദ്ധജലം ലഭിക്കുന്നതിനുള്ള സൗകര്യം 6. ജീവിതശൈലീ രോഗ ക്ലിനിക്കുകൾ 7. ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ. |
| (സി) | കുന്നത്തുനാട്ടിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതിയിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | 1.കുടുംബാരോഗ്യ കേന്ദ്രം, മഴുവന്നൂർ അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നേഴ്സ്- 2 ലാബ് ടെക്നീഷ്യൻ-1 ഫാർമസിസ്റ്റ്-1 2. കുടുംബാരോഗ്യകേന്ദ്രം, വാഴക്കുളം അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നേഴ്സ് -2 ലാബ് ടെക്നീഷ്യൻ-1 ഫാർമസിസ്റ്റ്-1 3.പ്രാഥമികാരോഗ്യകേന്ദ്രം, കുമാരപുരം അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | സർജൻ - 1 4.പ്രാഥമികാരോഗ്യകേന്ദ്രം, എടത്തല അസിസ്റ്റന്റ് സർജൻ -1 ലാബ് ടെക്നീഷ്യൻ -1 |

സെക്ഷൻ ഓഫീസർ